**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1049** **06-10-2021 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഉൾനാടൻ മത്സ്യകൃഷിയുടെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ടൂറിസം വകുപ്പുമായി സഹകരിച്ച് ഫിഷറീസ് ടൂറിസം മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ? | (എ) | ഉൾനാടൻ മത്സ്യകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ടൂറിസം വകുപ്പുമായി സഹകരിച്ച് ഫിഷറീസ് ടൂറിസം മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. എറണാകുളം ജില്ലയിൽ കടമക്കുടി, ഞാറയ്ക്കൽ, കുമ്പളങ്ങി, ഉദയപേരൂർ, ചെറായി, ഏഴിക്കര, വരാപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ ഫിഷറീസ് ടൂറിസവുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് വളരെയധികം സാധ്യതകൾ ഉണ്ട്. കടമക്കുടി പ്രദേശത്ത് നൂറോളം മത്സ്യക്കൂടുകൾ പുഴയിലും കായലിലുമായി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ സന്ദർശകരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരുന്നുണ്ട്. കൂടാതെ മത്സ്യഫെഡ് വഴി എറണാകുളം ജില്ലയിലുള്ള ഞാറയ്ക്കൽ, മാലിപ്പുറം മത്സ്യഫാമുകളിലും കോട്ടയം ജില്ലയിലെ പാലയ്ക്കരി ഫാമിലും നിലവിൽ മത്സ്യകൃഷിയോടൊപ്പം അക്വാ ടൂറിസവും നടത്തിവരുന്നു. മാലിപ്പുറം ഫ്ആമിൽ ആധുനിക സൗകര്യങ്ങളോടെ അക്വാ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് മാസ്റ്റർ പ്ലാൻ/ഡി.പി.ആർ തയ്യാറാക്കാൻ കൺസൾട്ടന്റിനെ തീരുമാനിക്കുകയും അതനുസരിച്ച് കരട് പ്രൊപ്പോസൽ സമർപ്പിക്കുകയും ടൂറിസം ഡിപ്പാട്ട്മെന്റിന്റെ പരിഗണനയ്ക്ക് നിർദ്ദേശങ്ങൾ ( concept note) നൽകിയിട്ടുള്ളതുമാകുന്നു. സാധ്യമായ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷിയോടൊപ്പം അക്വാ ടൂറിസം പദ്ധതി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ